68 (2378) വെള്ളത്തിൽ അകപ്പെടുന്നവരെ രക്ഷിക്കുന്നതിനു ട്രെയിനിംഗ്

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പത്മതീർത്ഥകുളത്തിൽ ഒരു ക്ഷേത്രം ജീവനക്കാരനെ മുക്കിക്കൊന്ന സംഭവത്തിനു മുൻപ് ഫയർഫോഴ്സിൽ വെള്ളത്തിൽ വീണവരെ രക്ഷിക്കുവാൻ എത്ര പേർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്;

(ബി) ഇവരിൽ എത്രപേരെ തിരുവനന്തപുരം നഗരത്തിൽ ഡ്യൂട്ടിക്ക് നിയമിച്ചിട്ടുണ്ട്; അവർ ആരെല്ലാം;

(സി) പ്രസ്തുത സംഭവത്തിനുശേഷം വെള്ളത്തിൽ അകപ്പെടുന്നവരെ രക്ഷിക്കുന്നതിന് ഫയർഫോഴ്സിലെ എത്ര ജീവനക്കാർക്ക് ട്രെയിനിംഗ് നൽകിവരുന്നു;

(ഡി) എവിടെയെല്ലാം വച്ചാണ് ഈ ട്രെയിനിംഗ് നൽകുന്നത്?

ഉത്തരം

(എ) 13 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(ബി) ആരേയും നിയമിച്ചിട്ടില്ല.

(സി) 201 പേർക്ക് ട്രെയിനിംഗ് നൽകുന്നുണ്ട്.

(ഡി) കായംകുളം, ചങ്ങനാശ്ശേരി, കോതമംഗലം, ഫോർട്ട് കൊച്ചി, ഇരിങ്ങാലക്കുട, മലപ്പുറം, വടകര, കണ്ണൂർ, കാസർഗോഡ്, പൊന്നാനി എന്നീ സ്ഥലങ്ങളിൽ വച്ചാണ് ട്രെയിനിംഗ് നൽകുന്നത്.

69 (2379) ഭവന ഭേദനങ്ങൾ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ഭവന ഭേദനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇവയിൽ പട്ടാപ്പകൽ നടന്ന ഭവന ഭേദനങ്ങൾ എത്രയാണ്;

(സി) ഇതിന്റെ ഫലമായി എത്ര പേർക്ക് പരിക്ക്പറ്റി, എന്തെല്ലാം നാശനഷ്ടങ്ങളുണ്ടായി എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 17184 ഭവന ഭേദനങ്ങൾ.

(ബി) 2865 എണ്ണം.

(സി) കേസ്സന്വേഷണം പൂർത്തിയായാലേ നാശനഷ്ടങ്ങളുടെ കണക്ക് വ്യക്തമായി പറയുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly